"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ. എൽ-2/203/2019/പൊവിവ

പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്
11/08/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം-14

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂളുകളിലെ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങളുടെ മാനദണ്ഡങ്ങൾ - ശ്രീമതി. അജി സ്വപ്ന. കെ, എൽ പി എസ്സ് റ്റി, എ കെ എ എം എൽ പി എസ്സ്, വലംചുഴി, പത്തനംതിട്ട സമർപ്പിച്ച നിവേദനം - മറുപടി സംബന്ധിച്ച്

സൂചന:- 1) ശ്രീമതി. അജി സ്വപ്ന. കെ, എൽ പി എസ്സ് റ്റി, എ കെ എ എം എൽ പി എസ്സ്, വലംചുഴി, പത്തനംതിട്ട സമർപ്പിച്ച 21/5/2019 ലെ അപേക്ഷ
2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 4/2/2020 ലെ എഫ്3/8200/2019/കെ.ഡിസ്/ഡിജി ഇ നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീമതി. അജി സ്വപ്ന. കെ. എൽ പി എസ്സ് റ്റി, എ കെ എ എം എൽ പി എസ്സ്, വലംചുഴി, പത്തനംതിട്ട -യുടെ 2018-19 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം അംഗീകരിച്ച് നൽകണമെന്ന് സൂചന 1 പ്രകാരം അപേക്ഷിക്കുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിലെ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങളെ സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം അറിയിക്കുന്നു.

'' മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ എല്ലാ ഒഴിവുകളും പ്രൊട്ടക്റ്റഡ് ടീച്ചറെ വച്ച് നികത്തണമെന്ന് 12.10.2006 ലെ സ.ഉ(പി) നമ്പർ 259/2006/പൊവിവ പ്രകാരം നിഷ്കർഷിച്ചിരുന്നു. പിന്നീട്, പ്രൊട്ടക്റ്റഡ് ടീച്ചറെ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ അവ ദിവസവേതന അടിസ്ഥാനത്തിൽ നികത്താമെന്ന് 18.5.2007 ലെ 4545/ജെ2/2007/പൊവിവ. നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകുകയുണ്ടായി. 06.11.2012- ലെ 58604/ജെ2/12/പൊവിവ. നമ്പർ സർക്കുലർ പ്രകാരം 2010-11 വർഷത്തിനു ശേഷം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ എല്ലാ നിയമനങ്ങളും ദിവസവേതന അടിസ്ഥാനത്തിൽ നടത്തേണ്ടതാണെന്നും സ്കൂളിൽ മിനിമം ക്ലാസ് ശരാശരി 15 എണ്ണം കുട്ടികളുണ്ടാകുന്ന മുറയ്ക്ക് നിയമനം റിവ്യൂ ചെയ്ത് ശമ്പളസ്കെയിലിൽ അംഗീകാരം നല്കാമെന്നും നിർദ്ദേശിക്കുകയുണ്ടായി. 2018-19 മുതൽ മതിയായ എണ്ണം കുട്ടികൾ എന്നത് ക്ലാസ് ശരാശരി 15 എന്നു നിർണ്ണയിച്ച് 12.06.2018 ൽ സ. ഉ(എം‌എസ്)നം.83/2018/ പൊവിവ നം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ റഗുലർ ഒഴിവുകളിൽ തുടർച്ചയായി (onwards appointment) നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഒരു തവണ നിയമന ഉത്തരവ് നൽകിയാൽ മതിയാകും. അല്ലാതെ ഓരോ അക്കാദമിക വർഷവും നിയമന ഉത്തരവ് നൽകേണ്ടതില്ല. നിയമന അംഗീകാരവും അതേപടി നിയമന തീയതി മുതൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ നൽകേണ്ടതാണ്. നിലവിൽ ഇത്തരം സ്കൂളിൽ റഗുലർ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ അവരവരുടെ നിയമന തീയതി മുതൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ഉള്ളവരായി കണക്കാക്കാവുന്നതാണ്. എന്നാൽ അവർ

സ്കൂളിൽ ഹാജരായി ജോലി ചെയ്യ്ത ദിവസങ്ങളിൽ മാത്രമേ വേതനത്തിന് അർഹതയുണ്ടാകുകയുള്ളൂ

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകർ ദിവസവേതന അടിസ്ഥാനത്തിൽ തുടരവെ, ക്ലാസ് ശരാശരി 15ൽ എത്തുന്ന സാഹചര്യത്തിൽ പ്രസ്തുത അദ്ധ്യയനവർഷം മുതൽ അതത് വിദ്യാഭ്യാസ ഓഫീസർ 01.08.2016 ലെ 631703/ജെ2/16/ പൊവിവ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ റിവ്യൂ ചെയ്യ്ത്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പളസ്കെയിലിൽ അംഗീകരിച്ചു നൽകേണ്ടതാണ്''.

വിശ്വസ്തതയോടെ,
Anuradha K C
ഡെപ്യൂട്ടിസെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

Signed by Asha Rani M
Date: 11-08-2021 16:00:05
[illegible] Reason: Approved

പകർപ്പ്:-
1) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
2) ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
3) ശ്രീമതി. അജി സ്വപ്ന. കെ, എൽ പി എസ്സ് റ്റി, എ കെ എ എം എൽ പി എസ്സ്, വലംചുഴി, പത്തനംതിട്ട